ആസാമിലെ ശിവഗംഗയിൽ ഞാറുനടന്നു കർഷകർ

വ്യാപാരികൾ ഇന്ന് കടകളടച്ചിടും

തിരുവനന്തപുരം: വികസനത്തിന്റെ പേരിൽ ഒഴിപ്പിക്കപ്പെടുന്ന വ്യാപാരികളെ പുനരധിവസിപ്പിക്കണമെന്നാവശ്യപ്പെട്ട് വ്യാപാരികൾ സംസ്ഥാന വ്യാപകമായി ഇന്ന് കടകളടച്ച് രാജ്ഭവൻ മാർച്ചും ധർണ്ണയും നടത്തും. 19ന് കാസർകോട് ഉദ്ഘാടനം ചെയ്ത വാഹന ജാഥ ഇന്നലെ തിരുവനന്തപുരത്ത് എത്തി. രാജ്ഭവന് മുന്നിൽ മാർച്ചിന് സ്വീകരണം നൽകി. മ്യൂസിയം ജംഗ്ഷനിൽ നിന്നാണ് ഇന്ന് പ്രകടനം ആരംഭിക്കുകയെന്ന് മാർച്ചിന്റെ ജനറൽ കൺവീനർ പെരിങ്ങമ്മല രാമചന്ദ്രൻ അറിയിച്ചു.

പവന് 200 രൂപ കുറഞ്ഞു

കൊച്ചി: സ്വർണവില പവന് 200 രൂപ കുറഞ്ഞ് 13,400 രൂപയായി. ഒരു ഗ്രാമിന് 25 രൂപയാണ് ഇന്നു കുറഞ്ഞത്.രാജ്യാന്തര വിപണിയിലെ വിലയിടിവാണ് ആഭ്യന്തര വിപണിയിൽ പ്രതിഫലിച്ചത്.

സിപിഎമ്മിന്റെ ഉപരോധം: ജനങ്ങൾ വഴിയിൽ കുരുങ്ങി

തിരുവനന്തപുരം: വിലക്കയറ്റം സൃഷ്ടിക്കുന്ന കേന്ദ്രനയങ്ങൾ തിരുത്തണമെന്നാവശ്യപ്പെട്ട് സിപിഎം നടത്തിയ കേന്ദ്രസർക്കാർ ഓഫീസുകളുടെ ഉപരോധത്തിൽ ഗതാഗതക്കുരുക്കിൽപ്പെട്ട് ജനം വഴിയിൽ കുരുങ്ങി. രാവിലെ ഏഴിനാണ് ജില്ലയിലെ പലഭാഗത്തും ഉപരോധം ആരംഭിച്ചത്. ഉച്ചവരെ തുടർന്നു. ഇതുകാരണം ഈ ഓഫീസുകളിലെ പ്രവർത്തനവും തടസ്സപ്പെട്ടു.

കൈമനം ബി.എസ്.എൻ.എൽ ഓഫീസിനുമുന്നിൽ നടത്തിയ ഉപരോധം ദേശീയപാതയിൽ പാപ്പനംകോട്, കൈമനം ഭാഗത്ത് ഗതാഗതം സ്തംഭിപ്പിച്ചു. തിരുവല്ലം ഭാഗത്തേക്ക് ലോറികൾ ഉൾപ്പെടെ വലിയ വാഹനങ്ങൾ തിരിച്ചുവിട്ട് ഗതാഗതം നിയന്ത്രിക്കാൻ പോലീസ് ശ്രമിച്ചുവെങ്കിലും കുരുക്ക് നിയന്ത്രണാതീതമായിരുന്നു. ഓഫീസ് സമയമായതോടെ അഴിക്കാൻ സമയമായതോടെ അഴിക്കാൻ വയ്യാത്ത രീതിയിൽ മുറുകുകയും ചെയ്തു.

തമ്പാനൂരിൽ ആർ.എം.എസിനു മുന്നിൽ നടന്ന ഉപരോധത്തിലും ജനം കഷ്ടപ്പെട്ടു. ഇഞ്ചിഞ്ച് നീങ്ങാനാവാതെ വാഹനങ്ങൾ കഷ്ടപ്പെട്ടു. രാജ്യവ്യാപകമായി സംഘടിപ്പിച്ച പ്രക്ഷോഭ പരിപാടികളുടെ ഭാഗമായിട്ടായിരുന്നു ഉപരോധം. ആർ.എം.എസിനു മുന്നിലെ ഉപരോധം സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

അമൻ കച്ച്റൂ റാഗിങ് കേസ്: പ്രതികളുടെ ജാമ്യം പിൻവലിച്ചു

ഷിംല: അമൻ കച്ച്റൂ റാഗിങ് കേസിൽ പ്രതികളായ നാലു വിദ്യാർഥികൾക്ക് അനുവദിച്ച ജാമ്യം ഹൈക്കോടതി തള്ളി. ഇവരോടു നാളെ ധർമശാലയിലെ അതിവേഗകോടതിക്കു മുൻപാകെ കീഴടങ്ങാനും ഹിമാചൽ പ്രദേശ് ഹൈക്കോടതി ഉത്തരവിട്ടു.

2009 മാർച്ച് ഏഴിനാണ് അമൻ കച്ച്റൂ എന്ന എംബിബിഎസ് വിദ്യാർഥി നാല് സീനിയർ വിദ്യാർഥികളുടെ റാഗിങ്ങിന് ഇരയായത്. കാംഗ്ര ജില്ലയിലെ ഡോ. രാജേന്ദ്രപ്രസാദ് ഗവൺമെന്റ് മെഡിക്കൽ കോളജിലായിരുന്നു സംഭവം. കേസിൽ ജൂലൈ 17നാണ് അജയ് വർമ, നവീൻ വർമ, അഭിനവ് വർമ, മുകുൾ ശർമ എന്നിവർക്ക് അതിവേഗകോടതി ജാമ്യം അനുവദിച്ചത്.

കേന്ദ്രം സംരക്ഷിക്കുന്നതു കുത്തകകളെ: പിണറായി

തിരുവനന്തപുരം: കോൺഗ്രസ് ജനവിരുദ്ധ നയങ്ങളുടെ ചാംപ്യനാണെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ. ഒന്നാം യുപിഎ സർക്കാരിന്റെ കാലത്ത് ഇടതുപക്ഷത്തിന്റെ എതിർപ്പ് ഭയന്നാണ് ജനവിരുദ്ധ നയങ്ങൾ നടപ്പാക്കാതിരുന്നത്. ആ കുടിശ്ശിക ഇപ്പോൾ കോൺഗ്രസ് തീർത്തു കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

ജനങ്ങളോടല്ല, കോർപ്പറേറ്റുകളോടാണു കേന്ദ്ര സർക്കാരിനു താൽപര്യം. കേന്ദ്രം കർഷകരെ കടക്കെണിയിലേക്കു തള്ളി വിടുകയാണ്. അതേസമയം, കേരളത്തിൽ കർഷക ആത്മഹത്യ കുറയ്ക്കാൻ എൽഡിഎഫ് സർക്കാരിനു സാധിച്ചതായും പിണറായി വിജയൻ പറഞ്ഞു.

കേന്ദ്ര സർക്കാരിന്റെ പല നയങ്ങളിലൂടെയും രക്ഷപെടുന്നതു കോടീശ്വരൻമാരാണ്. അതുകൊണ്ട് ഇന്ത്യയിൽ സമ്പന്നൻമാരാണു വർധിച്ചു വരുന്നത്. പാവപ്പെട്ടവർ കൂടുതൽ പാവപ്പെട്ടവരാകുന്നുവെന്നും അദ്ദേഹം പറഞ്ഞു.തിരുവനന്തപുരം ആർഎംഎസ് ഓഫിസിനു മുന്നിൽ വിലക്കയറ്റത്തിനെതിരെ സിപിഎം നടത്തുന്ന ഉപരോധ സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഏതു വകുപ്പും സന്തോഷത്തോടെ സ്വീകരിക്കും: സുരേന്ദ്രൻ പിള്ള

തിരുവനന്തപുരം: മുഖ്യമന്ത്രി ഏതു വകുപ്പു നൽകിയാലും സന്തോഷത്തോടെ സ്വീകരിക്കുമെന്ന് നിയുക്തമന്ത്രി വി.സുരേന്ദ്രൻ പിള്ള.സത്യപ്രതിജ്ഞ സംബന്ധിച്ചു രാവിലെ മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. ഗവർണർക്കു കൂടി സൗകര്യമുള്ള ദിവസം കണക്കിലെടുത്തു സത്യപ്രതിജ്ഞാ ചടങ്ങ് നിശ്ചയിക്കാമെന്നു മുഖ്യമന്ത്രി പറഞ്ഞതായും അദ്ദേഹം അറിയിച്ചു. തിരുവനന്തപുരം പ്രസ്ക്ലബിൽ മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഉത്തരവാദിത്തങ്ങൾ ഭംഗിയായി നിർവഹിക്കും. ചുരുങ്ങിയ കാലം കൊണ്ട് നാടിന്റെ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കും. അതിനു മാധ്യമപ്രവർത്തകരിൽ നിന്നും ജനങ്ങളിൽ നിന്നും പിന്തുണ പ്രതീക്ഷിക്കുന്നു. തന്നെ ഉത്തരവാദിത്തംഏൽപ്പിക്കാൻ തീരുമാനിച്ച മുന്നണിയുടെയും ജനതയുടെയും താൽപര്യം സംരക്ഷിക്കാൻ കഴിയുമെന്നാണു പ്രതീക്ഷിക്കുന്നതെന്നും സുരേന്ദ്രൻ പിള്ള പറഞ്ഞു.

തന്റെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം യാദൃശ്ചികമാണ്. മന്ത്രിസ്ഥാനത്തു തിരിച്ചെത്തിയ ശേഷം രാഷ്ട്രീയ കാരണം പോലുമില്ലാതെ പി.ജെ.ജോസഫ് മുന്നണി വിട്ടു പോകുമെന്ന് ആരും കരുതിയതല്ല. അതിന്റെ പരിണിത ഫലമായാണ് തനിക്കിപ്പോൾ മന്ത്രിസ്ഥാനം ലഭിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അധികാരം നൽകിയാൽ ലോട്ടറി മാഫിയയെ നിലയ്ക്കു നിർത്താം:തോമസ് ഐസക്

പ്രതിപക്ഷം നടുത്തളത്തിലിറങ്ങി

തിരുവനന്തപുരം: ലോട്ടറി മാഫിയയ്ക്കു കേന്ദ്രം ഒത്താശ നൽകുന്നുവെന്ന് ധനമന്ത്രി തോമസ് ഐസക്. ലോട്ടറി മാഫിയയെ കേന്ദ്രം കയറൂരി വിട്ടിരിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.

കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അധികാരം നൽകിയാൽ ലോട്ടറി മാഫിയയെ നിലയ്ക്കു നിർത്താം. അന്യ സംസ്ഥാന ലോട്ടറിക്കാരിൽ നിന്നു പാലക്കാട്ടെ നികുതി ഉദ്യോഗസ്ഥൻ മുൻകൂർ നികുതി വാങ്ങിച്ചത് കോടതി വിധി പ്രകാരമാണെന്നും ധനമന്ത്രി പറഞ്ഞു. മറ്റു വീഴ്ചകൾ ഉണ്ടായിട്ടുണ്ടോയെന്നു പരിശോധിക്കും. സിക്കിം ലോട്ടറിയുടെ നടത്തിപ്പുകാരനായ ജോൺ കെന്നഡിയെ പ്രമോട്ടറായി അംഗീകരിച്ചത് യുഡിഎഫാണെന്നും തോമസ് ഐസക് പറഞ്ഞു.

പ്രതിപക്ഷ നേതാവ് തറ പ്രവർത്തനം നടത്തുകയാണെന്ന ധനമന്ത്രി തോമസ് ഐസക്കിന്റെ പ്രസ്താവനയെ തുടർന്നു നിയമസഭയിൽ പ്രതിപക്ഷ ബഹളം. അന്യ സംസ്ഥാന ലോട്ടറി സംബന്ധിച്ച പ്രതിപക്ഷത്തിന്റെ ആരോപണങ്ങൾക്കു മറുപടി പറയുമ്പോഴാണ് പ്രതിപക്ഷ നേതാവ് തറ പ്രവർത്തനം നടത്തുകയാണെന്ന് ധനമന്ത്രി പറഞ്ഞത്. എന്നാൽ താനുദ്ദേശിച്ചത് നിലവാരം കുറഞ്ഞ പ്രവർത്തിയാണെന്ന് അദ്ദേഹം വിശദീകരിച്ചു. എന്നാൽ പ്രസ്താവന പിൻവലിക്കാൻ തയാറായില്ല. തുടർന്നു പ്രതിപക്ഷം നടുത്തളത്തിലിറങ്ങി ബഹളം വച്ചു. അവരവരുടെ നിലവാരം അനുസരിച്ചാണ് ഓരോരുത്തരും പ്രസ്താവനകൾ നടത്തുന്നതെന്നും തനിക്കതിൽ പരാതിയില്ലെന്നും പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി പ്രതികരിച്ചു. ധനമന്ത്രിയുടെ പ്രസ്താവന സ്പീക്കർ സഭാരേഖകളിൽ നിന്നു നീക്കി.

നെൽവയൽ നികത്തി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കു ലൈസൻസു നൽകിയാൽ പഞ്ചായത്തുകൾക്കെതിരെ നടപടിയെടുക്കുമെന്നു മന്ത്രി പാലോളി മുഹമ്മദ് കുട്ടി. തൊഴിലുറപ്പു പദ്ധതിയുടെ കൂലി കൂട്ടാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നു പാലോളി പറഞ്ഞു.

എന്നാൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്ന് ഇതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കണ്ടൽപാർക്ക്: തൽസ്ഥിതി തുടരണം

കൊച്ചി: പാപ്പിനിശേരി കണ്ടൽപാർക്ക് വിഷയത്തിൽ തൽസ്ഥിതി തുടരാൻ ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. പാപ്പിനിശേരി ഇക്കോ ടൂറിസം സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കെതിരെ സമർപ്പിച്ച പൊതുതൽപര്യ ഹർജിയിലാണ് ചീഫ് ജസ്റ്റിസ് ജെ. ചെലമേശ്വറും ജസ്റ്റിസ് സിഎൻ. രവീന്ദ്രനും അടങ്ങുന്ന ഡിവിഷൻ ബഞ്ചിന്റെ നടപടി. അതേസമയം കണ്ടൽപാർക്ക് പൂട്ടാനുള്ള കേന്ദ്ര ഉത്തരവിനെതിരെ ഇക്കോടൂറിസം സൊസൈറ്റി സമർപ്പിച്ച ഹർജി കോടതി പിന്നീട് പരിഗണിക്കും. അടുത്തയാഴ്ച ഈ ഹർജികളിൽ വിശദമായ വാദം നടക്കും.

ചോദ്യപേപ്പർ വിവാദം: രണ്ട് പേർ കൂടി അറസ്റ്റിൽ

തൊടുപുഴ: ന്യൂമാൻ കോളജിലെ ചോദ്യപേപ്പർ വിവാദത്തെത്തുടർന്ന് തൊടുപുഴയിലുണ്ടായ അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് രണ്ട് പേരെ കൂടി പോലീസ് അറസ്റ്റ് ചെയ്തു.

വെങ്ങല്ലൂർ പുത്തൻവീട്ടിൽ അബി, മടക്കത്താനം പുത്തൻവീട്ടിൽ നാസർ എന്നിവരെയാണ് കഴിഞ്ഞ രാത്രി തൊടുപുഴ പോലീസ് അറസ്റ്റ് ചെയ്തത്.

ഈ സംഭവവുമായി ബന്ധപ്പെട്ട് കണ്ടാൽ അറിയാവുന്ന 40 പേർക്കെതിരേയാണ് പോലീസ് കേസെടുത്തിരുന്നത്. ഇവരിൽ രണ്ട് പേരെ നേരത്തെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ഇനിയും 36 ഓളം പേരെ പിടികൂടാനുണ്ട്.

കൊടിക്കുന്നിൽ: വിധിയ്ക്ക് ഉപാധികളോടെ സ്റ്റേ

കൊച്ചി: മാവേലിക്കര ലോക്സഭാ മണ്ഡലത്തിൽ നിന്നുള്ള കൊടിക്കുന്നിൽ സുരേഷിന്റെ തിരഞ്ഞെടുപ്പ് റദ്ദാക്കിയ വിധിയ്ക്ക് ഹൈക്കോടതി ഉപാധികളോടെ സ്റ്റേ അനുവദിച്ചു.

സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിക്കുന്നതിനായി മൂന്നാഴ്ചത്തേയ്ക്കാണ് സ്റ്റേ. ഈ കാലയളവിൽ കൊടിക്കുന്നിലിന് പാർലിമെന്റ് സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് വിലക്കില്ലെങ്കിലും എം.പി. എന്ന നിലയ്ക്കുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റാനാവില്ല. സഭയിൽ വോട്ട് ചെയ്യുന്നതിനും പാർലിമെന്റ് സമിതി യോഗങ്ങളിൽ പങ്കെടുക്കുന്നതിനും അധികാരമില്ലെന്നും ജസ്റ്റിസ് ശശിധരൻ നായർ വ്യക്തമാക്കി.

പാർലമെന്റ് സമ്മേളനം നടക്കുന്നതിനാൽ അതിൽ പങ്കെടുക്കേണ്ടതുണ്ടെന്നും പാർലമെന്റിന്റെ പട്ടിക ജാതി പട്ടിക വർഗ ക്ഷേമ സ്റ്റാൻഡിങ് കമ്മിറ്റി അംഗമാണെന്നും കൊടിക്കുന്നിൽ സുരേഷ് കോടതിയെ ബോധിപ്പിച്ചു. എന്നാൽ ഇത്തരം കമ്മിറ്റികളിലെ അംഗത്വം സ്റ്റേ കാലയളവിൽ നിലനിൽക്കുന്നതല്ലെന്നാണ് കോടതി വിധി.

സൃഷ്ടികൾ ക്ഷണിച്ചു

തിരുവനന്തപുരം: മലയാള കവിതാരചനയിൽ അഭിരുചിയുള്ള കോളജ് വിദ്യാർഥികളിൽ നിന്നും കവിതകൾ ക്ഷണിക്കുന്നു. മലയാളം ഇനി എത്രനാൾ എന്ന വിഷയത്തിൽ രചിക്കുന്ന മികച്ച കവിതക്ക് ഗിരീഷ് പുത്തഞ്ചേരിയുടെ നാമധേയത്തിൽ ശാസ്ത്ര സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെടുത്തിയിട്ടുള്ള 2010 ലെ സംസ്ഥാന അവാർഡ് നൽകും.

കവിത 32 വരികളിൽ കൂടരുത്. സൃഷ്ടികൾ ഓഗസ്റ്റ് പത്തിനു മുമ്പ് സുദർശൻ കാർത്തികപ്പറമ്പിൽ, ഡയറക്ടർ, ശാസ്ത്രസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, അഞ്ജലി, പാറ്റൂർ, ടി.സി. 13/270, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 0471 – 2471311.

വീണ്ടും ഭീകര റിക്രൂട്ട്മെന്റ്

കർണ്ണാടകയിൽ പരിശീലന കേന്ദ്രം

തിരുവനന്തപുരം: കേരളത്തിൽ മനുഷ്യാവകാശ പ്രസ്ഥാനങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന ഒരു സംഘടന രാജ്യത്ത് തീവ്രവാദ പ്രവർത്തനങ്ങൾക്കായി വൻതോതിൽ യുവാക്കളെ റിക്രൂട്ട് ചെയ്യുന്നതായി കേന്ദ്ര രഹസ്യാന്വേഷണ റിപ്പോർട്ട്.

ഇതു സംബന്ധിച്ച് വിശദമായ വിവരം കേന്ദ്രം. സംസ്ഥാന ആഭ്യന്തര മന്ത്രാലയത്തിന് കൈമാറിയിട്ടുണ്ട്. അന്വേഷണം പുരോഗമിക്കുകയാണ്. 14നും 17നും മധ്യേ പ്രായമുള്ള അൻപതിലേറെ കുട്ടികളെയാണ് സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ നിന്ന് റിക്രൂട്ട് ചെയ്തത്. ഇവരെ കർണ്ണാടകയിലെ ഒരു മത കേന്ദ്രത്തിൽ പരിശീലിപ്പിക്കുന്നതായാണ് വിവരം. രണ്ടും മൂന്നും ലക്ഷം രൂപ വീട്ടുകാർക്ക് നൽകിയാണ് പഠനകാര്യങ്ങൾക്കെന്ന് പറഞ്ഞ് യുവാക്കളെ കൊണ്ടുപോകുന്നത്. സാമ്പത്തികമായി ഉയർന്ന നിലയിലുള്ളവരിൽ നിന്ന് യുവാക്കളെ റിക്രൂട്ട് ചെയ്തിട്ടുണ്ടെങ്കിലും കൂടുതലും സാധുക്കളാണ്.

അഞ്ചുവർഷത്തെ പഠനത്തിലൂടെ ഇവരെ മതഭ്രാന്തന്മാരാക്കുകയാണ് ചെയ്യുന്നത്. എന്നും ചെയ്യാൻ പ്രാപ്തരാക്കുന്നതരത്തിലാണ് പരിശീലനം. റിക്രൂട്ട് ചെയ്യപ്പെട്ടവരെ പൊതുജനങ്ങളുടെ ഇടയിൽ സ്വതന്ത്രരായി വിടാറില്ല. അപകടങ്ങൾ നടക്കുന്നിടത്ത് കൊണ്ടുപോയി കാണിക്കുക, പരിക്കേറ്റ് അതീവ ഗുരുതരാവസ്ഥയിൽ കിടക്കുന്നവരെ കാണിക്കുക, ആടിനെ കഴുത്തറിത്ത് കൊല്ലുക എന്നിവ പരിശീലനത്തിന്റെ ഭാഗമാണ്. രക്തത്തിന്റെ മണം അടിച്ചാൽ കുഴപ്പമില്ലാതാകുകയും ലക്ഷ്യമിടുന്ന ആളെ വകവരുത്താൻ വിമുഖത ഉണ്ടാകാതിരിക്കുകയുമാണ് ഇതിന് പിന്നിൽ. ഈരാറ്റുപേട്ട, കരുനാഗപ്പള്ളി, മലപ്പുറം, പാലക്കാട്, കോഴിക്കോട്, പത്തനംതിട്ട എന്നിവിടങ്ങളിൽ ഈ സംഘടനയ്ക്ക് നല്ല വേരോട്ടമുണ്ട്. വിദേശ ഫണ്ടിംഗ് ഉള്ള ഈ സംഘടന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകാൻ സാമ്പത്തിക സഹായം നൽകുക, വീടു നിർമ്മിച്ചു നൽകുക, രോഗികൾക്ക് ചികിത്സാ സഹായം നൽകുക എന്നീ പ്രവർത്തനങ്ങളിലൂടെയാണ് ശ്രദ്ധ നേടിയെടുത്തത്.

നക്സലുകൾ ഡൽഹി ലക്ഷ്യമിടുന്നു: രമൺ സിങ്

റായ്പൂർ: ആക്രമണങ്ങളിലൂടെ ഡൽഹി പിടച്ചെടുക്കുകയാണു നക്സലുകളുടെ ലക്ഷ്യമെന്നു ഛത്തീസ്ഗഡ് മുഖ്യമന്ത്രി രമൺ സിങ്.ഛത്തീസ്ഗഡിലോ മറ്റേതെങ്കിലും സംസ്ഥാനത്തോ ഒതുങ്ങിനിൽക്കാൻ നക്സലുകൾ ഉദ്ദേശിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. നക്സൽ പ്രശ്നം ദേശീയ വിഷയമാണ്. മറിച്ച്, ഭരണപക്ഷത്തിന്റേയോ ഏതെങ്കിലും പ്രത്യേക പാർട്ടിയുടേയോ വിഷയമല്ല.

തങ്ങൾക്കെതിരെ പ്രവർത്തിക്കുന്നവർ ആരായാലും അവരെ വധിക്കാൻ മടിയില്ലാത്തവരാണ് നക്സലുകളെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഒമ്പതാംക്ലാസുകാരൻ സഹപാഠിയെ വെടിവച്ചു

ന്യൂഡൽഹി: കിഴക്കൻ ഡൽഹിയിൽ സാകേതിലെ ഒരു സ്കൂളിൽ വിദ്യാർഥികൾ തമ്മിലുള്ള വഴക്കിനെ തുടർന്ന് ഒൻപതാം ക്ലാസുകാരൻ സഹപാഠിക്കു നേരെ നിറയൊഴിച്ചു. വീർ ചന്ദ്ര ഗാർവാൾ പബ്ലിക് സ്കൂളിൽ രാവിലെ ഒൻപതിനായിരുന്നു നാടിനെ ഞെട്ടിപ്പിച്ച സംഭവമുണ്ടായത്. എട്ടാം ക്ലാസ് വിദ്യർഥി ഗൗരവ് യാദവിനാണ് പരുക്കേറ്റത്. തോളിനു നിസാര പരുക്കേറ്റ ഗൗരവിനെ എഐഐഎംഎസ് ട്രോമ സെന്ററിൽ പ്രവേശിപ്പിച്ചു. പിന്നീട് ചികിൽസയ്ക്കു ശേഷം ഗൗരവ് ആശുപത്രി വിട്ടു. സ്കൂളിൽ രണ്ടു സംഘം വിദ്യാർഥികൾ തമ്മിലുണ്ടായ വഴക്കിനെ തുടർന്നാണ് വെടിവെച്ചതെന്നും എന്നാൽ വഴക്കിന്റെ കാരണം വ്യക്തമല്ലെന്നും പൊലീസ് പറഞ്ഞു. വെടി വച്ച വിദ്യാർഥിയെ പൊലീസ് കസ്റ്റഡിയിലെടുത്തു.



സുരക്ഷാ ഭീഷണിയെത്തുടർന്ന് ന്യൂഡൽഹി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മൂന്നാം ടെർമിനലിൽ സുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നു